രൂപയും 2010-11-ൽ 33.95 കോടി രൂപയും മത്സ്യമേഖലയ്ക്ക് അംഗീകരിക്കുകയും ഇതിൽ 2007-08-ൽ 91 ലക്ഷം രൂപയും, 2008-09 -ൽ 11 കോടി രൂപയും, 2009-10-ൽ 12.9683 കോടി രൂപയും അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) ഉൾനാടൻ മേഖലയിൽ മത്സ്യ/ചെമ്മീൻ വിത്തുല്പാദനം വർദ്ധിപ്പിക്കുക, മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യങ്ങളോടുകൂടിയാണ് രാഷ്ട്രീയ കൃഷി വികാസ് യോജന ആസൂത്രണം ചെയ്തിട്ടുള്ളത്.

കുറ്റാന്വേഷണരംഗത്ത് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ

28 (*508) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റാന്വേഷണരംഗത്ത് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത് ;

(സി) നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നില്ലെന്നുറപ്പു വരുത്താനും തെളിവുകളുടെ വിശകലനം ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് സാധ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ സമൂലമായ ഒരു മാറ്റം പോലീസ് സംവിധാനത്തിൽ കൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കുറ്റാന്വേഷണത്തിന് ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങളാണ് ഇപ്പോൾ അവലംബിച്ചുവരുന്നത്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേയ്ക്ക് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലകളിൽ, ജില്ലാ/സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡി.എൻ.എ. ലാബ്, സൈബർ ഫോറൻസിക് വിഭാഗം എന്നിവ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഫോറൻസിക് സയൻസ്

LIBRARY ARCHIVES Kerala Legislative Assembly

ലാബിൽ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ലാബുകൾ സ്ഥാപിക്കുകയും 24 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഫിംഗർ പ്രിന്റ് ബ്യൂറോ ആസ്ഥാനത്ത് ഒരു വിരലടയാള വിശകലന സംവിധാനം ഏർപ്പെടുത്തുകയും ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യ മാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ അന്വേഷണത്തിന് സഹായ കമാകുന്ന ഉപകരണങ്ങളടങ്ങുന്ന കിറ്റ് എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും വിതരണം ചെയ്തിട്ടുണ്ട്. ആയവ അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗിച്ചുവരുന്നുമുണ്ട്.

(സി) ശാസ്ത്രീയമായ രീതിയിൽ കേസന്വേഷണം നടത്തുന്നതിനും നിര പരാധികൾ പീഡിപ്പിക്കപ്പെടുന്നില്ലെന്നുറപ്പു വരുത്തുന്നതിനും നടപടികൾ ഇതി നകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

ഓഷ്യനേറിയം

29 (*509) ശ്രീ. എ. എം. യൂസഫ് :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മറൈൻ ബയോളജിക്കൽ റിസർച്ച് സെന്ററും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിന് എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കു ന്നത് ;

(സി) ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കുമോ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഓഷ്യനേറിയത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) കൊച്ചിയിൽ ആരംഭിക്കുന്ന ഓഷ്യനേറിയത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിർമ്മാണത്തിന്റെ ഭാഗമായുള്ള ലാന്റ് റിക്ലമേഷൻ

LIBRARY ARCHIVES Kerala Legislative Assembly